LIBRARY ARCHIVES Kerala Legislative Assembly

പൂട്ടിയിടപ്പെട്ട വ്യവസായങ്ങൾ

18 [1157] ശ്രീ. എഴുകോൺ നാരായണൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എൻ. പ്രതാപൻ:
„ ടി. യു. രാധാകൃഷ്ണൻ:
„ തോറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സംസ്ഥാനത്ത് പൂട്ടിയിടപ്പെട്ട എത്ര വൻകിട വ്യവസായങ്ങളുണ്ട്;

(ബി) ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെപ്പറ്റി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) കുണ്ടറ അലിൻഡ് ഫാക്ടറി പൂട്ടിയിട്ട് എത്ര കാലമായെന്നും ഇത് തുറന്നു പ്രവർത്തിക്കുവാനുള്ള സാദ്ധ്യത പരിഗണിക്കുമോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ, ബി) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ കെ. എസ്. ഐ. ഡി. സി.-യുടെ പരിധിയിലുള്ള 11 വൻകിട വ്യവസായങ്ങൾ പൂട്ടിയിടപ്പെട്ടു. പൂട്ടിയിടപ്പെട്ട വ്യവസായ സ്ഥാപനങ്ങളിന്മേൽ കെ. എസ്. ഐ. ഡി. സി. എടുത്തിട്ടുള്ള നടപടികളുടെ പത്രിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കുണ്ടറ അലിൻഡ് ഫാക്ടറി പൂട്ടിയിട്ട് 11 വർഷമായി ഫാക്ടറി അടച്ചു പൂട്ടാനുണ്ടായ സാഹചര്യങ്ങൾ സർക്കാർ വിശദമായി പഠിച്ചതിനുശേഷം ഈ കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി

19 [1158] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ പൊതുമേഖലാ വൻകിട-ചെറുകിട വ്യവസായങ്ങൾ തുടങ്ങിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പൊതുമേഖലാ വൻകിട-ചെറുകിട വ്യവസായങ്ങൾ പൂട്ടിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.